പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2890 **29-10-2026-ൽ മറുപടിയ്ക്ക്**

മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ – ചുള്ളിമട റോഡിന്റെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. എ. പ്രഭാകരൻ	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പ് അഞ്ച് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ - ചുള്ളിമട റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

മറുപടി: മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ ചുള്ളിമട റോഡിലെ നിലവിൽ ഗതാഗതയോഗ്യമല്ലാതിരുന്ന 3 വളവുകളിലായി ആകെ 340 മീറ്റർ ദൂരത്തിൽ ഇന്റർലോക്ക് പ്രവൃത്തി പൂർത്തീകരിച്ച് ടി ഭാഗങ്ങൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. BM & BC പ്രവൃത്തികളാണ് അവശേഷിക്കുന്നത്. എന്നാൽ CTE - യുടെ സൈറ്റ് ഇൻസ്പെക്ഷന്റെ അടിസ്ഥാനത്തിൽ റോഡ് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ഡിസൈന് അംഗീകാരം ലഭ്യമാകുന്ന മുറക്ക് ശേഷിക്കുന്ന നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർണ്ണമായും പൂർത്തിയാക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

മറുപടി: മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ ചുള്ളിമട റോഡിലെ നിലവിൽ ഗതാഗതയോഗ്യമല്ലാതിരുന്ന 3 വളവുകളിലായി ആകെ 340 മീറ്റർ ദൂരത്തിൽ ഇന്റർലോക്ക് പ്രവൃത്തി പൂർത്തീകരിച്ച് ടി ഭാഗങ്ങൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. BM & BC പ്രവൃത്തികളാണ് അവശേഷിക്കുന്നത്. എന്നാൽ CTE - യുടെ സൈറ്റ് ഇൻസ്പെക്ഷന്റെ അടിസ്ഥാനത്തിൽ റോഡ് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ഡിസൈന് അംഗീകാരം ലഭ്യമാകുന്ന മുറക്ക് ശേഷിക്കുന്ന നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ